പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2989 10.03.2017 ൽ മറുപടിക്ക്**

**നെയ്യാറ്റിൻകരയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ 2012 മുതൽ 2016 വരെ നിർമ്മാണം നടത്തിയ പുതിയ കെട്ടിടങ്ങളിലെ അഴിമതി സംബന്ധിച്ച് നല്കിയ പരാതിയിൻമേലുള്ള അന്വേഷണ സ്ഥിതി വ്യക്തമാക്കുമോ; | എ) നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ 2012 മുതൽ 2016 വരെ നിർമ്മാണം നടത്തിയ പുതിയ കെട്ടിടങ്ങളിലെ അഴിമതി സംബന്ധിച്ച് ശ്രീ.കെ.ആൻസലൻ എം.എൽ.എ ബഹു.മന്ത്രിക്ക് പരാതി നൽകിയിരുന്നു. പൊതുമരാമത്ത് വിജിലൻസിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം കെട്ടിടവിഭാഗം എക്സി.എഞ്ചിനിയർ നിർമ്മാണ പ്രവൃത്തികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| ബി) കളിയിക്കാവിള-കരമന എൻ.എച്ച്. ന്റെ നിർമ്മാണ പുരോഗതി എന്തായെന്ന് അറിയിക്കുമോ; ശേഷിക്കുന്ന ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്തായി; വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭൂമി ഏറ്റെടുക്കലിന്റെയും മറ്റ് നടപടികളുടെയും പുരോഗതി എന്തായി; | ബി) ദേശീയപാത 47ന്റെ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിപാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവൃത്തിക്കായി 153 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി അഞ്ച് തവണകളായി |

അനുവദിച്ച 266.67 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിൽ 122.46കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി മീ ഭാഗത്തെ 2.0769ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. ഇതിനായി ഉദ്ദേശം 98.097 കോടി രൂപ ആവശ്യമാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി മീ യിൽ 3.25 കി മീ ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിലുള്ള ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം പുതിയ എൽ എ ആക്റ്റ് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്. കരമന കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള റോഡ് നിർമ്മാണവും സ്ഥലമെടുപ്പും ഉൾപ്പെടുന്ന വിശദമായ പദ്ധതി രൂപരേഖ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗമായ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കി വരുന്നു.

| | |
|---|---|
| സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ അയവിൽ, കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണ | സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, മുള്ളറവിള പാലം, കന്നിപ്പുറം പാലം |

[redacted] [redacted]

| | |
|---|---|
| പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | എന്നിവയുടെ ഡി പി ആർ തയ്യാറാക്കി കിഫ്ബിയിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ഡി) നെയ്യാറിന് കുറുകെ കുളത്തൂർ പഞ്ചായത്തിലെ മാവിളക്കടവ് പാലം നവീകരണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) നെയ്യാറിന് കുറുകെ കുളത്തൂർ പഞ്ചായത്തിലെ മാവിളക്കടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വേണ്ടി 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഇ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര - ഉദിയൻകുളങ്ങര, ഉദിയൻകുളങ്ങര-പിനയംമൂട്, മാവിളക്കടവ്-പഴകട റോഡുകളുടെ പ്രവൃത്തിയുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ? | ഇ) നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര – ഉദിയൻകുളങ്ങര- വട്ടവിള — പിരായുംമൂട്, മാവിളക്കടവ് - തിരുപുറം എന്നീ റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി (ബി എം & ബി സി ഉപയോഗിച്ച്) 9.44 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി 10 കോടിയിൽ താഴെയായതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ